പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. **408**

**20.07.2015**-ൽ
മറുപടിയ്ക്ക്

ഭൂമിയുടെ ന്യായവില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) 1959-ലെ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 28 എ (4)-ാം ഉപവകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട് അന്തിമ ന്യായവില സംബന്ധിച്ച് ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിക്കുന്നതിനുള്ള കാലപരിധി, വിജ്ഞാപന തീയതി മുതൽ 30 ദിവസം എന്നത് ഒരു വർഷമായി ഉയർത്തുകയും, ഒരു വർഷത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കാതിരുന്നതിന് മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ ഒരു വർഷത്തിനുശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും പരിഗണിക്കുവാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. അപ്പീലിന്മേലുള്ള ജില്ലാ കളക്ടറുടെ ഉത്തരവിൽ അതൃപ്തി ഉള്ളവർക്ക് കളക്ടർക്ക് തന്നെ റിവ്യൂഹർജി സമർപ്പിക്കുന്നതിന് കേരള മുദ്രപ്പത്ര നിയമം 28 എ വകുപ്പിന്റെ (5)-ാം ഉപവകുപ്പിൽ പുതുതായി വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. The Kerala Taxation Laws(Amendment) Act, 2014 മുഖേന 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരം, |

അപ്പീലിൽ ജില്ലാ കളക്ടറുടെ തീരുമാനത്തിനെതിരെ കക്ഷിക്ക് ആക്ഷേപമുള്ള പക്ഷം, ജില്ലാ കളക്ടർക്കുതന്നെ തീരുമാനം റിവ്യൂ ചെയ്യുവാൻ അപേക്ഷ നൽകാവുന്നതാണ്. ഇത്തരത്തിൽ, ഭൂമിയുടെ ന്യായവില നിർണ്ണയിച്ചതിൽ അപാകതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് കേരള മുദ്രപ്പത്ര നിയമത്തിൽ തന്നെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതിനാൽ ഇതിനായി പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടില്ല.

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;
&
(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ബി) & (സി) നിലവിലെ നിയമപ്രകാരം ഭൂമിയുടെ ന്യായവില സംബന്ധിച്ച് അപാകതകൾ ഉണ്ടെങ്കിൽ അവ ആർ.ഡി.ഒ തലത്തിൽ പരിഹരിക്കുകയും അപ്പീലുകൾ ജില്ലാ കളക്ടർ തീർപ്പാക്കി വരികയും ചെയ്യുന്നു. ന്യായവിലയിൽ ആക്ഷേപമുള്ളവർക്ക് ജില്ലാ കളക്ടർ മുമ്പാകെ ഒരു വർഷത്തിനകം അപ്പീൽ സമർപ്പിക്കാവുന്നതാണ്. ജില്ലാ കളക്ടർക്ക് ബോദ്ധ്യമാകുന്ന കേസുകളിൽ ഒരു വർഷ കാലാവധിക്കുശേഷവും അപ്പീൽ സ്വീകരിക്കുവാൻ അധികാരമുള്ളതാണ്. ഇതു കൂടാതെ, The Kerala Taxation Laws (Amendment) Act, 2014 മുഖേന 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരം, അപ്പീലിൽ ജില്ലാ കളക്ടറുടെ തീരുമാനത്തിനെതിരെ കക്ഷിക്ക് ആക്ഷേപമുള്ള പക്ഷം, ജില്ലാ കളക്ടർക്കു തന്നെ തീരുമാനം റിവ്യൂ ചെയ്യുവാൻ അപേക്ഷ നൽകാവുന്നതാണ്.

(ഡി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(ഡി) ന്യായവില നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിക്കുവാൻ 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലും ചട്ടത്തിലും വ്യവസ്ഥകൾ അടങ്ങിയിട്ടുണ്ട് . ആയതിൻ പ്രകാരമുള്ള നടപടികൾ സമയ ബന്ധിതമായി സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ